LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം

26 [1114] ശ്രീ. ടി. എൻ. പ്രതാപൻ :
,, എം. കെ. പോൾസൻ മാസ്റ്റർ :
,, എം. എം. ഹസ്സൻ :
,, കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലങ്കര പദ്ധതി കമ്മീഷൻ ചെയ്തുവോ ;

(ബി) ഈ പദ്ധതിയുടെ സ്ഥാപിതശേഷി എത്ര യൂണിറ്റാണ് ;

(സി) മറ്റേതെങ്കിലും ചെറുകിട ജല വൈദ്യുത പദ്ധതികളുടെ പ്രവർത്തനം ഇപ്പോൾ ഏറ്റെടുക്കാനുദ്ദേശമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) 65 മില്ല്യൺ യൂണിറ്റ്.

(സി ആന്റ് ഡി) ഉണ്ട്. മണിയാർ ടെയിൽ റോഡ് പെരുന്തേനരുവി വിലങ്ങാട്, ചാത്തൻകോട്ടുനട II പുഴിത്തോട്, പശുക്കടവ് ബാരപ്പോൾ, ചെങ്കുളം ടെയിൽ റോഡ്, പീച്ചി എന്നീ പദ്ധതികൾ ഏറ്റെടുക്കുവാൻ വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. ഇതുകൂടാതെ ഇ. എം. സി. അടുത്ത സാമ്പത്തിക വർഷത്തിൽ മൂന്ന് മാതൃകാ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദശിക്കുന്നുണ്ട്. കൂടാതെ സഹകാര്യ പങ്കാളിത്തത്തോടെ ഏതാനും ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പെരുമ്പാവൂർ ഒക്കൽ ഗ്രാമ പഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

27 [1115] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ ഒക്കൽ ഗ്രാമ പഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഇല്ലാത്തതുമൂലമുള്ള വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഓഫീസ് ആരംഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(സി) ഒക്കൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?